ഉത്തരം

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിയമനം നൽകുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി. എസ്. സി.-യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നുണ്ട്. പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അത്യാവശ്യ ഘട്ടത്തിൽ നിയമനം നടത്താറുണ്ട്.

(ബി) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പുതിയ തസ്തികകൾ അനുവദിക്കണമെന്ന് ആശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലുകളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

കെ. എൽ. ഡി. സി. ജീവനക്കാരുടെ പെൻഷൻ പ്രായം

108 [2077] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തണമെന്നും പെൻഷൻ ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെ. എൽ. ഡി. സി. എംപ്ലോയീസ് യൂണിയൻ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ സാമ്പത്തിക സ്ഥിതി ഇപ്പോൾ മോശമായതിനാലും കോർപ്പറേഷൻ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാലും പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണിക്കാൻ നിർവാഹമില്ല എന്ന് സർക്കാർ കോർപ്പറേഷൻ മാനേജ്മെന്റിനെ അറിയിച്ചിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

കെ. എൽ. ഡി. സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

109 [2078] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഷ്ക്കരിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly